## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 572　　　　27.09.2011-ൽ മറുപടിക്ക്

### കരിങ്കൽ ക്വാറികളുടെയും ക്രഷർ യൂണിറ്റിന്റെയും പ്രവർത്തനം സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. വി.റ്റി.ബൽറാം**<br>**ശ്രീ.പാലോട് രവി**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.എ.റ്റി.ജോർജ്ജ്** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** കേരളത്തിൽ കരിങ്കൽ ക്വാറികൾക്കും, ക്രഷർ യൂണിറ്റുകൾക്കും ലൈസൻസ് നൽകുന്നതിന് ആധാരമായ നിയമം ഏതാണെന്ന് വ്യക്തമാക്കാമോ; | **(എ)** കരിങ്കൽ ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നത് 1967ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്കു വിധേയമായാണ്. |
| **(ബി)** ഈ നിയമത്തിൽ ഇത്തരം കാറികളും ജനവാസപ്രദേശങ്ങളും തമ്മിലുള്ള ദൂരപരിധി എത്രയായാണ് നിശ്ചയിച്ചിരിക്കുന്നത്; | **(ബി)** 50 മീറ്റർ |
| **(സി)** ഈ ദൂരപരിധി നിശ്ചയിച്ച സമയത്ത് പാറകൾ പൊട്ടിക്കുന്നതിന് ഏത് രീതികളാണ് അവലംബിച്ചിരിന്നത്; | **(സി)** 1967ലാണ് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ രൂപപ്പെടുത്തിയത്. അക്കാലത്ത് ഇന്നത്തെ രീതിയിൽ ആധുനിക സമ്പ്രദായങ്ങൾ ഉപയോഗിച്ചുള്ള കരിങ്കൽ ഖനനം ഉണ്ടായിരുന്നില്ല. |
| **(ഡി)** ഇപ്പോൾ ആധുനിക രീതികളായ ഇലക്ട്രോണിക് ഡിറ്റണേറ്ററുകൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് അപകടമുണ്ടാകുന്ന തരത്തിൽ പാറകൾ പൊട്ടിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് സമീപ പ്രദേശങ്ങ ളിലെ ജനങ്ങൾക്ക് ജീവഹാനി ഉൾപ്പെടെയുള്ള നാശനഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | **(ഡി)** ഉണ്ട്. |

| | |
|---|---|
| (ഇ) ഇത് സംബന്ധിച്ച് കേന്ദ്ര നിയമത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്ന ദൂരപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഇ) കരിങ്കല്ല് ഒരു ചെറുകിട ധാതുവാണ് (മൈനർമിനറൽ) അതിനാൽ ആയതിന്റെ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാരാണ് നിയമമുണ്ടാക്കേണ്ടത്. 1957ലെ മൈൻസ് ആന്റ് മിനറൽസ് (ഡവലപ്മെന്റ് & റഗുലേഷൻ) ആക്ടിലെ സെക്ഷൻ 15(1)നു വിധേയ മായാണ് 1967ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ രൂപപ്പെടുത്തിയത്. |
| (എഫ്) കരിങ്കൽ ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് ആധാരമായ സംസ്ഥാന നിയമത്തിലും കാലാനുസൃതമായ മാറ്റം വരുത്തി ദൂരപരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (എഫ്) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ